പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1085

05/03/2020-ൽ മറുപടിയ്ക്ക്

**തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകൾ**

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖാന്തരം ഫണ്ടുകൾ അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രവൃത്തികൾ പൂർത്തിയാകാത്ത സ്കൂളുകളിൽ ആയതിന്റെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണ് ഉള്ളതെന്നും അത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ യെന്നും വ്യക്തമാക്കുമോ? | (എ) & (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖാന്തിരം ഫണ്ടുകൾ അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ താഴെപറയും പ്രകാരം ആണ്.<br>മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ചിറക്കര ജി.എച്ച്.എസ്.എസ്-ൽ കിഫ്ബി ധനസഹായത്തോടെയുള്ള 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 80%ത്തോളം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി മാർച്ച് മാസം അവസാനത്തോടെ സ്കൂൾ അധികൃതർക്ക് കൈമാറാൻ സാധിക്കുമെന്ന് കരുതുന്നു.<br>2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കതിരൂർ ജി.വി.എച്ച്.എസ്.എസ് -ന് ഭരണാനുമതി നൽകുകയും KITE ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തികൾ 66% ത്തോളം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മെയ് മാസത്തോടെ പൂർത്തീകരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറാൻ സാധിക്കുമെന്ന് കരുതുന്നു. |

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ ജി.എച്ച്.എസ്.എസ്. തിരുവങ്ങാട്, ഗവ. ബ്രണ്ണൻ എച്ച്.എസ്.എസ്. തലശ്ശേരി എന്നീ സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി INKEL നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Namitha P

**സെക്ഷൻ ഓഫീസർ**